പതിമൂന്നാം കേരള നിയമസഭ
ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നം: 3304

18/02/2013 ൽ
മറുപടിക്ക്

## കൊണ്ടോട്ടിയിലെ മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാഅക്കാദമിയായി ഉയർത്താൻ നടപടി

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. കെ. മുഹമ്മദുണ്ണി ഹാജി | ശ്രീ. കെ.സി. ജോസഫ് (ഗ്രാമ വികസനവും, ആസൂത്രണവും സാംസ്കാരികകാര്യവും വകുപ്പു മന്ത്രി) |
| (എ) സാംസ്കാരിക വകുപ്പിന്റെ കീഴിൽ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ 2012 മാർച്ചിലെ നിയമസഭാ സമ്മേളനത്തിലെ ഗവർണ്ണറുടെ നയപ്രഖ്യാപന പ്രസംഗത്തിൽ മാപ്പിളകലാ അക്കാഡമിയാക്കുമെന്ന് പ്രഖ്യാപിച്ചിട്ടുള്ളതായി ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ; | (എ) ഉണ്ട്. |
| (ബി) എങ്കിൽ അക്കാഡമിയായി പ്രഖ്യാപിച്ചുകൊണ്ടുള്ള ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ; | (ബി) ഉണ്ട്. ഉത്തരവിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) സാംസ്കാരിക വകുപ്പിന്റെ ജി.ഒ.(ആർ.റ്റി) നം.574/2012/സി.എ.ഡി. തീയതി 6.12.2012 ഉത്തരവ് പ്രകാരം ഇരുപത് ലക്ഷം രൂപ അക്കാഡമിയുടെ പ്രാരംഭപ്രവർത്തനത്തിന് അനുവദിച്ചിട്ടുണ്ടോ; | (സി) ഉണ്ട്. 6.12.2012 ലെ ജി.ഒ.(ആർ.റ്റി)നം.574/2012/സി.എ.ഡി. ഉത്തരവ് പ്രകാരം 20 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. |
| (ഡി) എങ്കിൽ തുക കൈമാറിയിട്ടുണ്ടോ; ഇല്ലെങ്കിൽ തുക കൈമാറുന്നതിന് നടപടി സ്വീകരിക്കുമോ ? | (ഡി) തുക കൈമാറുന്നതിനുള്ള നടപടി സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ

അനുബന്ധം

# കേരള സർക്കാർ

## സംഗ്രഹം

**സാംസ്കാരിക കാര്യ വകുപ്പ് - മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകം - മാപ്പിള കലാ അക്കാദമിയായി ഉയർത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.**

സാംസ്കാരിക കാര്യ (എ) വകുപ്പ്

സ.ഉ.(എം.എസ്) നം. 08/2013/സി.എ.ഡി — തിരുവനന്തപുരം, തീയതി, 08/02/2013

പരാമർശം:
1) സ.ഉ. (സാധാ) 610/2011/സിഎഡി തീയതി 07/12/2011.
2) സ.ഉ. (സാധാ) 365/2012/സിഎഡി തീയതി 11/07/2012.
3) സ.ഉ. (സാധാ) 172/2012/സിഎഡി തീയതി 23/03/2012.
4) സ.ഉ. (സാധാ) 574/2012/സിഎഡി തീയതി 06/12/2012.
5) മോയിൻകുട്ടി വൈദ്യർ സ്മാരകം ചെയർമാന്റെ 28/12/12ലെ MVSC/176/12/A1 നമ്പർ കത്ത്.

## ഉത്തരവ്

(1) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തുന്നതിന് സർക്കാർ തത്വത്തിൽ തീരുമാനിക്കുകയും ആയതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പരാമർശം (3) പ്രകാരം അഞ്ച് ലക്ഷം രൂപ അനുവദിക്കുകയും ചെയ്തിട്ടുണ്ട്.

(2) 2012-13 വർഷത്തെ ബജറ്റ് ചർച്ചകൾക്കുള്ള മറുപടി പ്രസംഗത്തിൽ മേൽപ്പറഞ്ഞ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തുമെന്ന് പ്രഖ്യാപിക്കുകയും അക്കാദമിയായി ഉയർത്തുന്നതിന്റെ പ്രാരംഭ പ്രവർത്തനങ്ങൾക്കായി പരാമർശം (4) ഉത്തരവ് പ്രകാരം 20 ലക്ഷം രൂപ അനുവദിക്കുന്നതിന് ഭരണാനുമതി നൽകുകയും ചെയ്തിരുന്നു. ബജറ്റ് മറുപടി പ്രസംഗത്തിന്റെ അടിസ്ഥാനത്തിൽ മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തി സർക്കാർ അടിയന്തിരമായി ഉത്തരവ് പുറപ്പെടുവിക്കണമെന്ന് സ്മാരകം ചെയർമാൻ പരാമർശം (5) ലെ കത്ത് പ്രകാരം ആവശ്യപ്പെടുകയുണ്ടായി.

(3) സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചതിന്റെ അടിസ്ഥാനത്തിൽ മലപ്പുറം കൊണ്ടോട്ടിയിൽ പ്രവർത്തിക്കുന്ന മഹാകവി മോയിൻകുട്ടി വൈദ്യർ സ്മാരകത്തെ മാപ്പിള കലാ അക്കാദമിയായി ഉയർത്തിക്കൊണ്ടും പരാമർശം (1), (2) ഉത്തരവുകൾ പ്രകാരം രൂപീകരിച്ച മാനേജിംഗ് കമ്മിറ്റിയിലെ 33 അംഗങ്ങളെ അക്കാദമിയുടെ ജനറൽ കൗൺസിൽ അംഗങ്ങളായി അതേപടി നിലനിർത്തിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു.

(4) മോയിൻകുട്ടി വൈദ്യർ സ്മാരകം സെക്രട്ടറി, മാപ്പിള കലാ അക്കാദമിയുടെ മെമ്മോറാണ്ടം ഓഫ് അസോസ്സിയേഷൻ തയ്യാറാക്കി സർക്കാർ അംഗീകാരത്തിന് സമർപ്പിച്ച് രജിസ്ട്രേഷൻ പൂർത്തീകരിക്കാൻ നടപടികൾ സ്വീകരിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ബി.എസ്.പാവനകുമാരി,
അഡീഷണൽ സെക്രട്ടറി.

ചെയർമാൻ, മോയിൻകുട്ടി വൈദ്യർ സ്മാരകം, കൊണ്ടോട്ടി, മലപ്പുറം.
സെക്രട്ടറി, മോയിൻകുട്ടി വൈദ്യർ സ്മാരകം, കൊണ്ടോട്ടി, മലപ്പുറം.
അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ് /എ&ഇ /ഡി.ബി.സെൽ), കേരള, തിരുവനന്തപുരം.
ഡയറക്ടർ, സാംസ്കാരിക വകുപ്പ്, തൈക്കാട്, തിരുവനന്തപുരം.
ഡയറക്ടർ, ലോക്കൽ ഫണ്ട് ആഡിറ്റ്, തിരുവനന്തപുരം.
ജില്ലാ ട്രഷറി ഓഫീസർ, മലപ്പുറം.
ധനകാര്യ വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ